**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3574** **27-06-2024 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് ആർ.എ.ടി.ടി.സി. യുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തളിപ്പറമ്പ് ആർ.എ.ടി.ടി.സി. യുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | "സ്ട്രെങ്ങ്തെനിങ്ങ് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ" പദ്ധതിയിൽ "ട്രെയിനിംഗ് സെന്ററുകളുടെ നവീകരണം" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തളിപ്പറമ്പ് ആർ.എ.ടി.ടി.സി യുടെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.2015-16 സാമ്പത്തിക വർഷത്തിൽ എ.സി, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് 2,74,000/- രൂപയും,<br><br>2.2016-17 സാമ്പത്തിക വർഷത്തിൽ പ്രൊജക്ടർ, ജെഫേഴ്സൺ ചെയർ, യു. പി.എസ് പ്രിൻറർ കം സ്കാനർ, കമ്പ്യൂട്ടർ, ലാപ് ടോപ്, ഇൻവെർട്ടർ, വിൻഡോ കർട്ടൻ, എന്നിവ വാങ്ങിയതിന് 4,00,677/- രൂപയും,<br><br>3.2017-18 സാമ്പത്തിക വർഷത്തിൽ ഓഫീസിന്റെയും ഹോസ്റ്റലിന്റേയും അറ്റകുറ്റപ്പണികൾക്കായി 25,00,000/-രൂപയും,<br><br>4.2019-20 സാമ്പത്തിക വർഷത്തിൽ പുതിയ പരിശീലന ഹാളിന്റെ നിർമ്മാണത്തിന് 76,00,000/- രൂപയും ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണികൾക്കായി 48,000/- രൂപയും,<br><br>5.2020-21 സാമ്പത്തിക വർഷത്തിൽ സബ്മേഴ്സിബിൾ പമ്പ്സെറ്റ്, അലൂമിനിയം ഡോർ എന്നിവക്കായി 49,198/-**രൂപയും,**<br><br>6.2021-22 സാമ്പത്തിക വർഷം ഫർണിച്ചർ പോളിഷ് ചെയ്യുന്നതിന് 58,200/- രൂപയും,<br><br>**7.2022-2023 സാമ്പത്തിക വർഷം സ്മാർട്ട് ക്ലാസ്സ് റൂം ഇൻസ്റ്റാൾ ചെയ്യുന്നതിനും, ഓഫീസ് വാഹനത്തിന് ബാറ്ററി വാങ്ങുന്നതിനും, ഇൻഷുറൻസ് തുക,** |

| | | | |
|---|---|---|---|
| | | | **ഇലക്ട്രിഫിക്കേഷൻ മറ്റ് അറ്റകുറ്റപ്പണികൾ എന്നിവക്കുമായി 18,06,491/- രൂപയും ചിലവഴിച്ചിട്ടുണ്ട്.** |
| (ബി) | നടപ്പ് സാമ്പത്തിക വർഷം തളിപ്പറമ്പ് ആർ.എ.ടി.ടി.സി. യ്ക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | **പ്രൊപ്പോസലുകൾ ലഭ്യമാകാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല** |

സെക്ഷൻ ഓഫീസർ